# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **2861** **17.10.2016**-ൽ മറുപടിക്ക്

## തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പെറ്റ് സ്കാനർ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.വി.ആർ. സുനിൽ കുമാർ** | **ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും കുടുംബക്ഷേമവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | 2014-15 മുതലുള്ള എല്ലാ സംസ്ഥാന ബജറ്റിലും തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പെറ്റ് സ്കാനർ സ്ഥാപിക്കുന്നതിന് ഫണ്ട് അനുവദിച്ചതായി പ്രഖ്യാപിച്ചിരുന്നതനുസരിച്ച് അവിടെ പെറ്റ് സ്കാൻ പ്രവർത്തന സജ്ജമായോ; | (എ) | പ്രവർത്തന സജ്ജമായിട്ടില്ല. |
| (ബി) | ഇല്ലെങ്കിൽ ബന്ധപ്പെട്ട വകുപ്പ് പെറ്റ് സ്കാനറിനുള്ള പ്രൊപ്പോസൽ അയച്ചു കൊടുത്തിരുന്നോ എന്ന് വ്യക്തമാക്കാമോ; | (ബി) & (സി) | 2014-15 സാമ്പത്തിക വർഷം മുതൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പെറ്റ് സ്കാനർ വാങ്ങുന്ന കാര്യം സംസ്ഥാന ബജറ്റിൽ പ്രതിപാദിച്ചിരുന്നുവെങ്കിലും ബജറ്റ് വിഹിതം ഉൾപ്പെടുത്തിയിരുന്നില്ല. 2014-15 ൽ ഭരണാനുമതി അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ ഉപധനാഭ്യർത്ഥനയിലൂടെയും അഡീഷണൽ ഓതറൈസേഷനിലൂടെയും ഫണ്ടിനുവേണ്ടി പ്രൊപ്പോസലുകൾ സമർപ്പിച്ചിരുന്നുവെങ്കിലും കഴിഞ്ഞ വർഷങ്ങളിൽ ഒന്നും തന്നെ ഇതിനായി തുക ലഭ്യമായിട്ടില്ല. |
| (സി) | ഇവിടെ പെറ്റ് സ്കാനർ സ്ഥാപിക്കാനുള്ള ഫണ്ട് ലഭ്യമാക്കുന്നതിനും ഭരണാനുമതിക്കുമായി ഡി.എം.ഇ.യും ഗവൺമെന്റും എന്ത് നടപടിയാണെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ